# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം
## ചോദ്യം നം.865
## 30.11.2018-ലെ മറുപടിക്ക്

**ചോദ്യം**

ശ്രീ.എ.പി.അനിൽകുമാർ
(ബഹു.നിയമസഭാംഗം)

**ഉത്തരം**

ശ്രീ.എ.കെ.ബാലൻ
ബഹു.പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | നിയമ പരിഷ്കരണ കമ്മീഷൻ നിലവിലുണ്ടോ; എങ്കിൽ ആരൊക്കെയാണ് പ്രസ്തുത കമ്മീഷനിലെ അംഗങ്ങൾ എന്ന് വെളിപ്പെടുത്തുമോ. | (എ) | ബഹുമാനപ്പെട്ട ജസ്റ്റിസ് കെ.റ്റി.തോമസ് അദ്ധ്യക്ഷനായി 09.03.2017-ലെ സ.ഉ.(എം.എസ്)നം.45/2017/നിയമം പ്രകാരം രൂപീകരിച്ച കേരള നിയമ പരിഷ്കരണ കമ്മീഷൻ നിലവിലുണ്ട്. ജസ്റ്റീസ് കെ.റ്റി.തോമസ് ചെയർമാനായും, ശ്രീ.കെ.ശശിധരൻ നായർ വൈസ്ചെയർമാനും, ഡോ.എൻ.കെ.ജയകുമാർ, അഡ്വ.എം.കെ. ദാമോദരൻ, ശ്രീമതി. ലിസമ്മ അഗസ്റ്റിൻ എന്നിവർ അംഗങ്ങളുമായാണ് കമ്മീഷൻ രൂപീകരിച്ചത്. അഡ്വ.എം.കെ.ദാമോദരന്റെ മരണത്തെ തുടർന്ന് 16.02.2018-ലെ സ.ഉ.(എം.എസ്) നം.24/2018/ നിയമം പ്രകാരം ശ്രീ.കെ.ജോർജ്ജ് ഉമ്മനെ അംഗമായി നിയമിച്ചിട്ടുള്ളതാണ്. |
| ബി) | പ്രസ്തുത കമ്മീഷൻ സർക്കാരിന് ഇതിനകം എത്ര റിപ്പോർട്ടുകൾ നൽകി; അതിൽ ഏതൊക്കെ ശിപാർശകളാണ് അംഗീകരിച്ചത്. | (ബി) | നിലവിലെ കമ്മീഷൻ ഇതിനകം രണ്ട് റിപ്പോർട്ടുകൾ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഒന്നാമത്തെ റിപ്പോർട്ടിന്റെ ഭാഗമായ Kerala Vexatious Litigation (Prohibition) Bill 2018, സർക്കാരിന്റെ പരിഗണനയിലാണ്. |
| (സി) | പ്രസ്തുത കമ്മീഷൻ ഏതെങ്കിലും ബില്ലിന്റെ കരട് തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ? | (സി) | "The Kerala Medical Treatment After Accident and During Emergency Medical Condition Bill", "The Kerala Regulation of Proceedings for Preventing Person-to-Person Transmission of Infectious Organisms Bill 2018" എന്നീ പേരുകളിൽ രണ്ടുബില്ലുകളുടെ കരട് രൂപം കമ്മീഷന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ